# ഇളനീർ തേടി ബഹുരാഷ്ട്ര കമ്പനികൾ വരുന്നു

ബി. രാജേഷ്കുമാർ

കൊച്ചി: കൃത്രിമ ശീതളപാനീയങ്ങളുടെ നിർമാതാക്കളായ ബഹുരാഷ്ട്ര കുത്തക കമ്പനികൾ ഇന്ത്യയിൽ നിന്ന് ഇളനീർ തേടുന്നു. അമേരിക്കയടക്കമുള്ള പാശ്ചാത്യ രാജ്യങ്ങളിൽ കൃത്രിമ പാനീയങ്ങളോടുള്ള പ്രിയം കുറയുകയും ഏറെ ഗുണങ്ങളുള്ള ഇളനീരിന് ആവശ്യംവർധിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് ഇന്ത്യയിൽ നിന്നും കാനുകളിലാക്കിയ ഇളനീർ തേടുന്നത്. പക്ഷേ, കേരളമടക്കമുള്ള സംസ്ഥാനങ്ങൾക്ക് ഇവർ ആവശ്യപ്പെടുന്ന അത്രയും ഇളനീർ ഉത്പാദിപ്പിച്ച് കാനുകളിലാക്കി നൽകാനാവാത്ത സ്ഥിതിയാണുള്ളത്. ആഗോള തലത്തിൽ കരിക്കിന്റെ ആവശ്യകത വർധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ കേരകർഷകർ അവസരം ഉപയോഗപ്പെടുത്തണമെന്നാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്നത്

അമേരിക്കയിൽ നിന്നുള്ള പെപ്സി, കൊക്കകോള, വൈറ്റാ കൊക്കോ എന്നീ കമ്പനികളാണ് ഇന്ത്യയിൽ നിന്ന് ഇളനീരിന് താൽപര്യം പ്രകടിപ്പിച്ചിരിക്കുന്നത്. കൊക്കകോള പ്രതിമാസം അഞ്ചുകോടിയും പെപ്സി മൂന്നുകോടിയും വൈറ്റാ കൊക്കോ 2.5 കോടിയും ലിറ്റർ വീതമാണ് വാങ്ങാൻ താൽപര്യം പ്രകടിപ്പിച്ചിരിക്കുന്നതെന്ന് നാളികേരവികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് 'മാതൃഭൂമി'യോട് പറഞ്ഞു. ഇതിൽ വൈറ്റാ കൊക്കോ പോപ് താരം മഡോണ ഉൾപ്പെടെയുള്ള താരങ്ങൾക്ക് പങ്കാളിത്തമുള്ള കമ്പനിയാണ്. അതുകൊണ്ടുതന്നെ ഇളനീർ വിൽപ്പനയ്ക്ക് താരപ്പൊലിമ കൊഴുപ്പുപകരുകയും ചെയ്യുന്നുണ്ട്. ഫിലിപ്പൈൻസ്, തായ്‌ലൻഡ്, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽനിന്നാണ് ഇപ്പോൾ വിവിധ കമ്പനികൾ ഇളനീർ വാങ്ങുന്നത്. ഇളനീർ സ്പോർട്സ് ഡ്രിങ്കായിപ്പോലും ഉപയോഗിക്കുന്നത് വ്യപകമാകുകയാണ്.

330 മില്ലീലിറ്റർ ഇളനീർ ഉൾക്കൊള്ളുന്ന കാനുകളോടാണ് ഈ കമ്പനികൾ താത്പര്യം പ്രകടിപ്പിച്ചിരിക്കുന്നത്. വാഷിങ്ടണിൽ നടന്ന ഫാൻസി ഫുഡ്ഷോയിലും മറ്റു പ്രദർശനങ്ങളിലും ഇളനീരടക്കമുള്ള നാളികേര ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. ഇതേതുടർന്നാണ് ഇളനീർ കാനുകളിലാക്കി വിൽക്കുന്ന നിർമാണയൂണിറ്റുകൾക്ക് ഇതുസംബന്ധിച്ച വ്യപാരാന്വേഷണം ഉണ്ടായത്. എന്നാൽ നിർമാണയൂണിറ്റുകളുടെ അഭാവവും കരിക്ക് ഉത്പാദനത്തിലെ കുറവും കാരണം ഇവിടെ നിന്നും ഇത്രയും കരിക്കിൻവെള്ളം നൽകാൻ ആവില്ലെന്നാണ് നാളികേരവികസന ബോർഡ് അധികൃതർ പറയുന്നത്. ബോർഡ് കരിക്കിൻവെള്ളം കാനുകളിലാക്കി വിപണിയിലെത്തിക്കുന്നില്ല. എന്നാൽ 25ശതമാനം സബ്സിഡിയും സാങ്കേതികസഹായങ്ങളും നിർമാണയൂണിറ്റുകൾക്ക് നൽകുന്നുണ്ട്.

തമിഴ്നാട്ടിലും ആന്ധ്രയിലും രണ്ടുവീതവും കർണാടകത്തിലും ഒറീസ്സയിലും ഒന്ന് വീതവും നിർമാണയൂണിറ്റുകളാണുള്ളത്. തമിഴ്നാട്ടിൽ പുതിയതായി തുടങ്ങുന്ന യൂണിറ്റും ഇതിലുൾപ്പെടും. ഈ യൂണിറ്റുകൾ നാമമാത്രമായാണ് ഇളനീർ കയറ്റുമതി ചെയ്യുന്നത്. തെങ്ങിനെ കൽപവൃക്ഷമായി കരുതുന്ന കേരളത്തിലാവട്ടെ കരിക്ക് കാനുകളിലാക്കി വിൽക്കുന്ന ഒറ്റ യൂണിറ്റുമില്ല. കേരളത്തിൽ വിപണിയിലെത്തുന്ന കരിക്കിൽ നല്ലൊരു പങ്കും തമിഴ്നാട് , ആന്ധ്ര എന്നിവിടങ്ങളിൽ നിന്നാണ്. 20 മുതൽ 25 വരെയാണ് ഇവിടെ കരിക്കിന് വില. കേരളത്തിനു പുറത്ത് 200 മില്ലീലിറ്റർ കാനിൽ കിട്ടുന്ന കരിക്കിൻവെള്ളത്തിന് 18 രൂപയാണ് വില. കേരളത്തിൽ കാനിലുള്ള കരിക്കിൻവെള്ളം കിട്ടാനില്ല. കാനിലടച്ച പാനീയത്തിന് 12.5 ശതമാനം നികുതി നൽകണമെന്നതും ഈ രംഗത്തുനിന്നും പലരേയും പിൻതിരിപ്പിച്ചു. മൂന്നുമുതൽ അഞ്ചുവരെ കരിക്കുണ്ടെങ്കിലേ ഒരു ലിറ്റർ ഇളനീർ കിട്ടൂ.

സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ യൂണിറ്റുകളാരംഭിക്കാൻ അനുകൂലസ്ഥിതിയുണ്ടെന്നും ഇന്ത്യയിൽ 100 യൂണിറ്റുകളെങ്കിലും ആരംഭിക്കേണ്ടതുണ്ടെന്നും നാളികേരവികസന ബോർഡ് അധികൃതർ പറയുന്നു.

കരിക്ക് ഉത്പാദനത്തിന് കേരളത്തിൽ വേണ്ടത്ര പ്രാധാന്യം നൽകാത്തതും ഇതു വെട്ടിയിറക്കാൻ പ്രാവീണ്യമുള്ളവരുടെ അഭാവവും സംസ്ഥാനത്തിന് ഈ മേഖലയിൽ മുന്നേറാൻ കഴിയാതിരുന്നതിന് കാരണമായി വിലയിരുത്തപ്പെടുന്നു. കരിക്ക് ഉത്പാദനം വർധിപ്പിക്കാൻ നടപടിയുണ്ടായാൽ കേരളത്തിലെ കേരകർഷകർ ഇന്നനുഭവിക്കുന്ന പ്രതിസന്ധി ഏറെ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

Mathrubhumi Daily - 30-8-11